(ബി) പട്ടികജാതി വികസനത്തിനായുള്ള ഫണ്ടുകൾ യഥാവിധം ചെലവാക്കുന്നില്ലെന്ന പരാതികൾ യോഗത്തിൽ ചർച്ച ചെയ്തിരുന്നോ;

(സി) യോഗത്തിൽ ബന്ധപ്പെട്ട ഏതെല്ലാം ഉദ്യോഗസ്ഥരാണ് പങ്കെടുക്കാതിരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സമിതിയുടെ ശുപാർശകളിൽ ഇനിയും നടപ്പിലാക്കാത്തവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 27-10-2003-ൽ.

(ബി) ചർച്ച ചെയ്തിരുന്നു.

(സി) സെക്രട്ടറി, ഗ്രാമവികസനം, റീജിയണൽ ഓഫീസർ, കേരള ഫീൽഡ് പബ്ലിസിറ്റി ഡയറക്ടർ, കിർത്താഡ്സ്, ചെയർമാൻ-കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ, ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവരാണ് യോഗത്തിൽ പങ്കെടുക്കാതിരുന്നത്.

(ഡി) പട്ടികജാതി വികസനത്തിനായുള്ള ഫണ്ടുകൾ കുറ്റമറ്റ രീതിയിൽ യഥാവിധം ചെലവാക്കുന്നതു സംബന്ധിച്ച് വളരെയേറെ ശുപാർശകളും നിർദ്ദേശങ്ങളും ടി യോഗത്തിൽ ചർച്ചചെയ്യപ്പെടുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടു നടപ്പിലാക്കേണ്ട വിവിധ തരത്തിലുള്ള പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നതിനും പട്ടികജാതി ക്ഷേമത്തിനായി ലഭിക്കുന്ന ഫണ്ട് ട്രഷറി നിയന്ത്രണത്തിൽനിന്ന് ഒഴിവാക്കി യഥാസമയം ചെലവഴിക്കുന്നതിനും സാധിച്ചിട്ടുണ്ട്. സമിതിയുടെ ശുപാർശകൾ മുഴുവൻ നടപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

നിർമ്മാണത്തിലിരിക്കുന്ന പോസ്റ്റുമെട്രിക് ഹോസ്റ്റലുകൾ

115 [2843] ശ്രീ. പി. കെ. അബ്ദുറബ്ബ്:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, സി. മമ്മൂട്ടി:
,, പി. കെ. കെ. ബാവ:
,, കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുവേണ്ടി എവിടെയെല്ലാമാണ് പോസ്റ്റുമെട്രിക് ഹോസ്റ്റലുകളുടെ പണി നടന്നുകൊണ്ടിരിക്കുന്നത്;

(ബി) ഇതിന്റെ പണി എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ താഴെ പറയുന്ന ഹോസ്റ്റൽ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

1. പോസ്റ്റുമെട്രിക് ഹോസ്റ്റൽ (പെൺകുട്ടികൾ), നാട്ടകം, കോട്ടയം.
2. പോസ്റ്റുമെട്രിക് ഹോസ്റ്റൽ (പെൺകുട്ടികൾ), കൊച്ചിൻ യൂണിവേഴ്സിറ്റി കാമ്പസ്, എറണാകുളം.
3. പോസ്റ്റുമെട്രിക് ഹോസ്റ്റൽ (ആൺകുട്ടികൾ), കൊച്ചിൻ യൂണിവേഴ്സിറ്റി കാമ്പസ്, എറണാകുളം.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഇപ്പോൾ ഹോസ്റ്റൽ കെട്ടിടങ്ങൾ പണിയുന്നില്ല.

(ബി) നാട്ടകം പോസ്റ്റുമെട്രിക് ഹോസ്റ്റലിന്റെ പണി ആരംഭിച്ച് പില്ലർ വാർത്തുകഴിഞ്ഞു.

കൊച്ചിൻ യൂണിവേഴ്സിറ്റി കാമ്പസിൽ നിർമ്മിച്ചുവരുന്ന പട്ടികജാതി/പട്ടികവർഗ്ഗ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള പോസ്റ്റുമെട്രിക് ഹോസ്റ്റലുകളുടെ ഗ്രൗണ്ട് ഫ്ളോർ, ഒന്നാം നില എന്നിവയുടെ പണി പൂർത്തിയായിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. പണി എപ്പോൾ പൂർത്തിയാകുമെന്ന് ഇപ്പോൾ പറയുവാൻ നിർവാഹമില്ല.

ചക്കിട്ടപാറ പഞ്ചായത്തിലെ മുതുകാട് ആദിവാസി കുടുംബങ്ങൾക്ക് വീട്

116 [2844] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കുടുംബങ്ങൾക്ക് വീട് നൽകുന്നതിന്റെ ഭാഗമായി ചക്കിട്ടപാറ പഞ്ചായത്തിലെ മുതുകാട് പ്രദേശത്ത് എത്ര കുടുംബങ്ങൾക്ക് ഭൂമി നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) ഭൂമി നൽകിയ എത്ര കുടുംബങ്ങൾക്ക് സ്ഥലം പതിച്ചു കൊടുത്തു;

(സി) ഇതിൽ എത്ര കുടുംബങ്ങൾ നൽകിയ ഭൂമിയിൽ താമസമുണ്ടെന്ന് അറിയിക്കാമോ;

(ഡി) അവർക്ക് വീട് നിർമ്മിച്ചു നൽകുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ;

(ഇ) എല്ലാ കുടുംബങ്ങൾക്കും താമസിക്കുന്നതിനാവശ്യമായ വീടുകളുടെ നിർമ്മാണം എപ്പോൾ പൂർത്തിയാകുമെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly